# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,
## തിരുവനന്തപുരം

# ഉത്തരവ്

---

നമ്പർ: 226/2014/സം.തി.ക. തിരുവനന്തപുരം, 2014 ജൂലൈ 22

---

സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിലേയ്ക്ക് 2010-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിനുശേഷം 2013 ജനുവരി 01 മുതൽ 2013 ഡിസംബർ 31 വരെ, നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ വിവിധ വാർഡുകളിൽ സ്ഥാനാർത്ഥിക ളായിരുന്ന അനുബന്ധ പട്ടികയിൽ പേരു ചേർത്തിട്ടുള്ളവർ, അവരുടെ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്കു കൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 142-ാം വകുപ്പും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും അനുശാസിക്കുന്ന വിധം കൃത്യസമയത്ത് നിശ്ചിതരീതിയിൽ, നിയമാനുസൃതം സമർപ്പിച്ചിട്ടില്ലാ യെന്നോ അല്ലെങ്കിൽ സ്ഥാനാർത്ഥികൾക്ക് ചെലവാക്കാവുന്ന പരിധിയിൽ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ടെന്നോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രസ്തുത കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ നിയമാനുസൃതം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടു ണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89 -ാം വകുപ്പനുസരിച്ച് അയോഗ്യതാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സമർപ്പി ക്കാൻ മേൽപ്പറഞ്ഞ സ്ഥാനാർത്ഥികൾക്ക് കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ടപ്ര കാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രേഖാമൂലം രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും എന്നാൽ പ്രസ്തുത നോട്ടീസ് കൈപ്പറ്റാത്തവർക്ക് മുനിസിപ്പാലിറ്റി നിയമപ്രകാരം വീണ്ടും നോട്ടീസ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(6)-ാം ചട്ടം നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ 20 ദിവ സത്തിനുള്ളിൽ യാതൊരു നിവേദനവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് മതിയായ കാരണമോ വിശദീകരണമോ ഇതോടൊപ്പമുള്ള പട്ടികയിൽ പേര് പറയുന്ന സ്ഥാനാർത്ഥികൾ നൽകിയിട്ടില്ലാത്തതുമാണ്.

ആയതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പനുസരിച്ച്, ഇതോടൊപ്പമുള്ള പട്ടികയിൽ പേരു ചേർത്തിരിക്കുന്നവർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരി ക്കുന്നതിനോ കൗൺസിലർ ആയിരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**കെ. ശശിധരൻ നായർ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

# പട്ടിക

# മുനിസിപ്പാലിറ്റി

| തിരുവനന്തപുരം ജില്ല | | | | | |
|---|---|---|---|---|---|
| മുനിസിപ്പാലിറ്റി | | | | | |
| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ നമ്പർ / പേര് | വാർഡിന്റെ നമ്പർ / പേര് | അയോഗ്യത കല്പിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് | മേൽവിലാസം | ഉപതിരഞ്ഞെടുപ്പ് നടന്ന തീയതി |
| (1) | (2) | (3) | (4) | (5) | (6) |
| 1. | എം 01 നെയ്യാറ്റിൻകര | 03 മൂന്ന്കല്ലിന്മൂട് | എസ്.കെ.മോഹൻ ലാൽ | കുമാരശ്ശേരി,അതിയന്നൂർ, ആറാലുമൂട്. പി.ഒ, തിരുവനന്തപുരം | 26.11.2013 |
| 2. | എം 01 നെയ്യാറ്റിൻകര | 03 മൂന്ന്കല്ലിന്മൂട് | കെ.സുരേഷ് കുമാർ | ഗോവിന്ദ വിലാസം,തലയൽ, ആറാലുമൂട്. പി.ഒ, തിരുവനന്തപുരം | 26.11.2013 |
| 3. | എം. 02 നെടുമങ്ങാട് | 31 കൊപ്പം | അക്ബർ എം | ചരുവിളാകം, ആക്കോട്ടുമുകൾ, അരശുപറമ്പ്, കൊപ്പം നെടുമങ്ങാട് പി.ഒ, തിരുവനന്തപുരം | 08.07.2013 |
| 4. | എം. 02 നെടുമങ്ങാട് | 31 കൊപ്പം | ബീമാ പി. | പയ്യംപള്ളിവീട്, പത്താംകല്ല്, മഞ്ച പി.ഒ., തിരുവനന്തപുരം | 08.07.2013 |